N – 2290

(Pages : 4)

Reg. No. : ..............................

Name : ...................................

# Third Semester B.A./B.Sc. Degree Examination, March 2022

## First Degree Programme under CBCSS

## Language Course VII – Additional Language III – Malayalam

## ML 1311.1 : ദൃശ്യകലാസാഹിത്യം

## (2019 & 2020 Admission)

Time : 3 Hours

Max. Marks : 80

### Part - A

ഒരു വാക്കിലോ ഒറ്റ വാചകത്തിലോ ഉത്തരമെഴുതുക.

1. അന്റോണിയോ റിക്കി എന്ന കഥാപാത്രം പ്രത്യക്ഷപ്പെടുന്ന ചലച്ചിത്രമേത്?

2. പ്രാചീനകവിത്രയത്തിൽ ജനകീയകവി എന്ന വിശേഷണമുള്ള കവി ആര്?

3. 'സ്നേഹദൂതൻ' ആരുടെ കൃതിയാണ്?

4. 'കൂർത്ത ശരാവലി കൊണ്ടുടനവരുടെ
മൂർത്തി പിളർപ്പാൻ ഞാനൊരുവൻ മതി' - ആരുടെ വാക്കുകളാണിത്?

5. നളചരിതം ആട്ടക്കഥയ്ക്ക് എ.ആർ. രാജരാജവർമ്മ രചിച്ച വ്യാഖ്യാനമേത് ?

6. നിൻബന്ധം നീ പോയ്പ്പറകിലുമവൻ
സർവവും വിസ്മരിക്കും - ആരുടെ ശാപവാക്കുകളാണിത് ?

7. പി.എം. താജ് രചിച്ച രണ്ടു നാടകങ്ങളുടെ പേരെഴുതുക.

P.T.O.

8. ബൈസിക്കിൾ തീവ്സ് എന്ന ചലച്ചിത്രം പുറത്തിറങ്ങിയ വർഷമേത് ?

9. 'മലയാള ശാകുന്തളം' ഏതു സാഹിത്യവിഭാഗത്തിൽ പെടുന്ന കൃതിയാണ്?

10. കഥകളിയുടെ സാഹിത്യരൂപമേത്?

**(10 × 1 = 10 Marks)**

## Part - B

**ഒരു ഖണ്ഡികയിൽ ഏതെങ്കിലും എട്ടു ചോദ്യത്തിന് ഉത്തരമെഴുതുക.**

11. കണ്ടാലറിയാതുള്ള ശഠന്മാർ
കൊണ്ടാലറിയും കളിയല്ലരശാ! - സൂചിതം വ്യക്തമാക്കുക.

12. 'ഈ വിളക്ക്, ഇത് നിങ്ങളുടേതല്ല. ഇതു ഞാൻ എന്റെ സ്കൂളിൽ വെച്ച് സമ്മാനം നേടിയതാണ്'? - ആരുടെ വാക്കുകൾ? സന്ദർഭമേത്?

13. യൗവ്വനം വന്നുദിച്ചിട്ടും ചെറുതായില്ല ചെറുപ്പം - സൂചനയെന്ത്?

14. ദുഷ്യന്തനു നൽകാൻ കാശ്യപൻ ശാർങ്ഗരവനോട് പറഞ്ഞ സന്ദേശമെന്തായിരുന്നു?

15. വിറ്റോറിയ ഡിസീക്ക - പരിചയപ്പെടുത്തുക.

16. പാണ്ഡവാദികളെക്കുറിച്ച് ഓട്ടൻ ദുര്യോധനനോട് പറഞ്ഞ കഥകളെന്തെല്ലാം?

17. പ്രിയമാനസാ നീ പോയ് വരേണം
പ്രിയയോടെന്റെ വാർത്തകൾ ചൊല്വാൻ
- നളൻ ഇപ്രകാരം പറയുന്നതാരോടാണ്? എപ്പോൾ?

18. സബർമതിയേക്കാൾ ഇന്നത്തെ മനുഷ്യൻ അറിയുന്നതും നവഖലിയാ - സൃഷ്ടിയേക്കാൾ നശീകരണം - വേണുവിന്റെ ഈ വാക്കുകൾ വ്യക്തമാക്കുന്നതെന്ത്?

19. കാട്ടിൽ ചെന്ന് കായ്കനി തിന്നു കിടന്നാലും എന്ന് ദുര്യോധനൻ പറയുന്നതാരോടാണ്? എന്തുകൊണ്ട്?

20. രാജകൊട്ടാരത്തിലേക്ക് യാത്രയാകുന്ന ശകുന്തളയെ വനദേവതമാർ അനുഗ്രഹിച്ചത് എപ്രകാരമായിരുന്നു?

21. "എന്തൊരു ധർമ്മസങ്കടം ചത്തിട്ടും ഞങ്ങളെ ഉപദ്രവിക്കുന്നുവോ ശവമേ" - സന്ദർഭം വിശദമാക്കുക.

22. കുറുനരി ലക്ഷം കൂടുകിലും ഒരു
ചെറുപുലിയോടു ഫലിക്കില്ലേതും - സൂചിതമെന്ത്?

23. തിരക്കഥ - കുറിപ്പെഴുതുക.

24. അതിദുഃഖകാരണമിന്നാരാമ സഞ്ചരണം - ദുഃഖകാരണമെന്ത്?

25. ഭർത്തൃഗൃഹത്തിലേക്ക് യാത്രയാകുന്ന ശകുന്തളയോടുള്ള കാശ്യപന്റെ ഉപദേശമെന്തായിരുന്നു?

26. നമ്മുടെ ചോർ തിന്നുന്നൊരു ദുഷ്ടനു
നമ്മുടെ വൈരികളിൽ ബഹുമാനം
- ദുര്യോധനൻ ഇപ്രകാരം പറയാനിടയായതെന്തുകൊണ്ട്?

**(8 × 2 = 16 Marks)**

## Part - C

**ഒരു പുറത്തിൽ കവിയാതെ ഏതെങ്കിലും ആറ് ചോദ്യത്തിന് ഉത്തരമെഴുതുക.**

27. യുദ്ധാനന്തര ഇറ്റലിയിലെ സാധാരണക്കാരായ മനുഷ്യരുടെ സ്വപ്നങ്ങളും വേദനകളും പങ്കുവെക്കുന്ന സിനിമയാണ് ബൈസിക്കിൾ തീവ്സ് - വിശദീകരിക്കുക.

28. ഏറ്റ വസ്തു തിരികെക്കൊടുത്ത പോ-
ലേറ്റവും തെളിമപൂണ്ടിതെന്മനം - വ്യാഖ്യാനിക്കുക.

29. ഗാന്ധിയൻ ഹ്യൂമനിസത്തിന്റെ വ്യാഖ്യാനമായി എഴുതപ്പെട്ട നാടകമാണ് സബർമതി ദൂരെയാണ് - പരിശോധിക്കുക.

30. കാട്ടിൽ വസിക്കുന്ന പാണ്ഡവന്മാരുടെ കഥകൾ കേട്ട് അസ്വസ്ഥനായ ദുര്യോധനനെ കർണ്ണൻ സമാധാനിപ്പിച്ചത് എപ്രകാരമായിരുന്നു?

31. രാവുണ്ണി എന്ന കഥാപാത്രത്തിന്റെ സ്വഭാവസവിശേഷതകൾ വിവരിക്കുക.

32. ദമയന്തിയും ഹംസവും തമ്മിലുള്ള സംഭാഷണം നളചരിതം ഒന്നാം ദിവസത്തിൽ ഉണ്ണായി വാര്യർ അവതരിപ്പിക്കുന്നത് വിവരിക്കുക.

33. രാജകൊട്ടാരത്തിലേക്ക് യാത്രയാകുമ്പോഴുള്ള തപോവന കാഴ്ചകൾ എന്തെല്ലാമായിരുന്നു?

34. ആട്ടക്കഥാ സാഹിത്യത്തെ പരിചയപ്പെടുത്തുക.

35. മോഷ്ടിക്കപ്പെട്ട സൈക്കിൾ തേടിയുള്ള യാത്ര ബൈസിക്കിൾ തീവ്സിലെ അച്ഛനെയും മകനെയും കൊണ്ടുചെന്നെത്തിക്കുന്ന ജീവിത ദൃശ്യങ്ങൾ ഏവ? ചർച്ച ചെയ്യുക.

36. കഥാപാത്രനിരൂപണം നടത്തുക - ശാന്തി.

37. കടക്കെണിയുടെ തീരാക്കഥയാണ് പി.എം. താജിന്റെ 'രാവുണ്ണി' പങ്കുവെയ്ക്കുന്നത് - പരിശോധിക്കുക.

38. കണ്ണുകാണാൻ വയ്യെങ്കിലെന്ത്? മറു ജാതീടെ മാനം നേടാൻ നടക്കുന്ന യോഗ്യൻ - ആരുടെ വാക്കുകൾ? സന്ദർഭം വിവരിക്കുക.

**(6 × 4 = 24 Marks)**

## Part - D

ഏതെങ്കിലും രണ്ട് ചോദ്യത്തിന് മൂന്നു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

39. ഉദ്വേഗപൂർണ്ണമായ ഒരു ജീവിതകഥ തികച്ചും നാടകീയമായ രൂപവിധാനത്തോടെ ആവിഷ്ക്കരിച്ചിട്ടുള്ള കൃതിയാണ് നളചരിതം ആട്ടക്കഥ - പാഠഭാഗത്തെ മുൻനിർത്തി അപഗ്രഥിക്കുക.

40. ആദർശലോകവും യഥാർത്ഥ ലോകവും തമ്മിലുള്ള വൈരുദ്ധ്യമാണ് കുഞ്ചൻ നമ്പ്യാരുടെ പരിഹാസത്തിന്റെ അടിവേര് - ഘോഷയാത്രയെ ആസ്പദമാക്കി വിശകലനം ചെയ്യുക.

41. മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ജൈവികബന്ധം മനോഹരമായി അവതരിപ്പിക്കപ്പെടുന്നുണ്ട് മലയാള ശാകുന്തളം നാലാമങ്കത്തിൽ - ശരിയോ? ചർച്ച ചെയ്യുക.

42. ഒരു രാഷ്ട്രീയ സിനിമ എന്ന നിലയിൽ ബൈസിക്കിൾ തീവ്സിന്റെ പ്രാധാന്യം സ്ഥാപിക്കുക.

43. എതിർപ്പിന്റെ പ്രവാചകനായാണ് രാവുണ്ണിയെ പി.എം. താജ് 'രാവുണ്ണി'യിൽ അവതരിപ്പിച്ചിരിക്കുന്നത് - സമർത്ഥിക്കുക.

44. ധീരമായ നാടക പരീക്ഷണങ്ങൾ നടത്തിയ നാടകകൃത്ത് എന്ന നിലയ്ക്കാണ് മലയാള നാടകചരിത്രത്തിൽ ജി. ശങ്കരപ്പിള്ളയുടെ സ്ഥാനം - സബർമതി ദൂരെയാണ് എന്ന നാടകത്തെ മുൻനിർത്തി പരിശോധിക്കുക.

**(2 × 15 = 30 Marks)**